പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1628 04-12-2018-ലെ മറുപടിയ്ക്ക്

## പ്രളയദുരന്തത്തിലുണ്ടായ കൃഷിനാശം

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">മറുപടി</th></tr>
<tr><td colspan="2">ശ്രീ.വി. അബ്ദുറഹിമാൻ</td><td colspan="2">ശ്രീ.വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>പ്രളയദുരന്തത്തിൽ സംസ്ഥാനത്ത് ഉണ്ടായ കൃഷിനാശം സംബന്ധിച്ച് വിശദമായ റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ;</td><td rowspan="2">(എ)<br>&<br>(ബി)</td><td rowspan="2">സംസ്ഥാനത്തൊട്ടാകെ 2,36,649.5 ഹെക്ടർ സ്ഥലത്തെ കൃഷി പൂർണ്ണമായും നശിച്ചുപോയിട്ടുണ്ട്. കാർഷിക മേഖലയിൽ 19,001.84 കോടി രൂപയുടെ നാശനഷ്ടമാണ് കണക്കാക്കിയിട്ടുള്ളത്. ആയതിന്റെ ഘടകം തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.<br><br><table><tr><th>ക്രമ നമ്പർ</th><th>ഘടകം</th><th>രൂപ (കോടിയിൽ)</th></tr><tr><td>1.</td><td>വിളകൾക്കുണ്ടായ നാശനഷ്ടം</td><td>18545.25</td></tr><tr><td>2.</td><td>കൃഷിഭൂമിക്കുണ്ടായ നാശനഷ്ടം (മണ്ണിടിച്ചിൽ, ഉരുൾ പൊട്ടൽ തുടങ്ങിയവ)</td><td>326.25</td></tr><tr><td>3.</td><td>കാർഷിക മേഖലയിലെ ആസ്തികൾക്കും, ഉല്പാദനോപാധികൾക്കും ഉണ്ടായ നാശനഷ്ടം</td><td>130.34</td></tr><tr><td></td><td>ആകെ</td><td>19001.84</td></tr></table></td></tr>
<tr><td>(ബി)</td><td>ആകെ എത്ര കോടിയുടെ നഷ്ടമാണ് പ്രളയവുമായി ബന്ധപ്പെട്ട് കാർഷികമേഖലയിൽ ഉണ്ടായിട്ടുള്ളത്;</td></tr>
<tr><td>(സി)</td><td>കാർഷിക മേഖലയിലെ പ്രളയദുരന്തം നേരിടുന്നതിനായി ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന പദ്ധതികൾ എന്തൊക്കെയാണ്; വിശദാംശം ലഭ്യമാക്കുമോ;</td><td>(സി)</td><td>കാർഷികമേഖലയ്ക്ക് ഉണ്ടായ നഷ്ടം പരിഹരിക്കുന്നതിനായി സംസ്ഥാന കൃഷിവകുപ്പ് ബഹുമുഖ പദ്ധതികളാണ് തയ്യാറാക്കി കേന്ദ്ര കൃഷിമന്ത്രാലയത്തിന് സമർപ്പിച്ചിട്ടുള്ളത്. കാർഷിക മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനായി വിവിധ പദ്ധതികളിലായി 1603 കോടി രൂപയുടെ കേന്ദ്ര</td></tr>
</table>

| | | | |
|---|---|---|---|
| | | | ധനസഹായം ആവശ്യപ്പെട്ടു കൊണ്ടുള്ള മെമ്മോറാണ്ടം തയ്യാറാക്കി കേന്ദ്ര കൃഷിമന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്. 'മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ' എന്ന പദ്ധതിയിൻ കീഴിൽ 102.1855 കോടി രൂപയുടെ അധിക ധനസഹായത്തിനുള്ള നിർദ്ദേശം സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ വഴി സമർപ്പിക്കുകയും കേന്ദ്രസർക്കാർ ഈയിനത്തിൽ 93.39 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ തെങ്ങ്, സുഗന്ധവിളകൾ, വാഴ, പച്ചക്കറികൾ, വീട്ടുവളപ്പിലെ കൃഷി, മാർക്കറ്റിംഗ് സംവിധാനം ശക്തിപ്പെടുത്തൽ എന്നീ ഘടകങ്ങളിൽ ആയി ഇന്റർനാഷണൽ ഫണ്ട് ഫോർ അഗ്രികൾച്ചർ ഡെവലപ്മെന്റ് (I.F.A.D)ൽ നിന്നും 500 കോടി രൂപയുടെ ധനസഹായം ലഭ്യമാക്കുന്നതിനുള്ള പദ്ധതിയും തയ്യാറാക്കിയിട്ടുണ്ട്. മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് ഉരുൾപൊട്ടലുണ്ടായ പ്രദേശങ്ങളിലെ മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾക്കായി 200 കോടി രൂപയുടെ പദ്ധതി തയാറാക്കി സമർപ്പിച്ചിട്ടുണ്ട്.<br><br>പ്രളയക്കെടുതികളിൽ നിന്നും കർഷകരെ കൈപിടിച്ച് ഉയർത്തുന്നതിനും ശാസ്ത്രീയ സമീപനത്തിലൂടെയും സന്നദ്ധ സേവനത്തിലൂടെയും കാർഷികമേഖലയെ പുനഃസൃഷ്ടിക്കുന്നതിനുമായി "പുനർജ്ജനി" എന്ന പേരിൽ ഒരു പ്രത്യേക പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരികയാണ്.<br>കർഷകർക്ക് ആവശ്യമായ മാനസികവും സാമ്പത്തികവുമായ സഹായങ്ങൾ നൽകി അവരെ കൈപിടിച്ചുയർത്തുക എന്ന ലക്ഷ്യം വച്ചുകൊണ്ട് കൃഷിവകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. സംസ്ഥാന ആസൂത്രണബോർഡിന്റെ അംഗീകാരത്തിന് സമർപ്പിച്ചിട്ടുള്ള 2019-20 വർഷത്തെ വാർഷിക പദ്ധതിയിൽ കാർഷികമേഖലയുടെ പുനരുജ്ജീവനത്തിനായി "പുനർജ്ജനി" എന്ന പേരിൽ ഒരു പാക്കേജ് തയ്യാറാക്കി നൽകിയിട്ടുണ്ട്. |
| **(ഡി)** | പ്രളയദുരന്തത്തിൽ അകപ്പെട്ട കർഷകരെ സഹായിക്കാൻ ഏതെങ്കിലും കേന്ദ്രഫണ്ട് ലഭിച്ചിട്ടുണ്ടോ; എന്തെങ്കിലും | **(ഡി)** | പ്രളയവുമായി ബന്ധപ്പെട്ട് സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ ഡയറക്ടർ കേന്ദ്ര സർക്കാരിന് സമർപ്പിച്ച മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് |

| | |
|---|---|
| വാഗ്ദാനം ലഭിച്ചിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ ? | ഹോർട്ടികൾച്ചർ പദ്ധതിയിൻ കീഴിൽ ഹോർട്ടികൾച്ചർ മേഖലയുടെ പുനഃരുദ്ധാരണത്തിനും കർഷകർക്ക് അധിക വരുമാനം ലഭിക്കുന്നതിനുമായി സമർപ്പിച്ച 102.1855 കോടി രൂപയുടെ പദ്ധതിയിൽ 9339.50 ലക്ഷം രൂപയ്ക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിക്കുകയും 56.03 കോടി രൂപ കേന്ദ്ര വിഹിതമായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**